ഭരണഭാഷ – മാതൃഭാഷ

കെ2/7012/2018

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി : 05/12/2018
Phone :04712305042
email: fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ,
തിരുവനന്തപുരം

ഡയറക്ടർ
പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം.

സർ

വിഷയം: ഫിഷറീസ് - മത്സ്യബന്ധന മേഖലയിലെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് ഷോർട്ട് ഫിലിം തയ്യാറാക്കുന്നതിന് - താൽപര്യപത്രം - പത്രവാർത്ത പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയെ ആശ്രയിച്ചു കഴിയുന്നവർക്കും പൊതുജനങ്ങൾക്കും മത്സ്യബന്ധന മേഖലയിലെ കാലാവസ്ഥ വ്യതിയാനത്തെപ്പറ്റി മനസ്സിലാക്കുന്നതിന് 45 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഷോർട്ട് ഫിലിം തയ്യാറാക്കി നൽകുന്നതിന് താൽപര്യമുള്ള പ്രശസ്തരായ ഡോക്യുമെന്ററി/ഫിലിം ഡയറക്ടർമാരിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കുന്നതിനായി തയ്യാറാക്കിയ താല്പര്യപത്രം (Expression of Interest) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് സംസ്ഥാനത്തെ പ്രമുഖ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം ; മേൽ പ്രസ്താവ്യം

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (പി &എം)
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി

ഒ.എസ്.ഡി 3/12/18

"ഭരണഭാഷ മാതൃഭാഷ"

കെ2/7012/2018

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി: 03.12.2018
Ph.No. 0471- 2305042
email: fisheriesdirector@gmail.com

## Expression of Interest (താല്പര്യപത്രം)

മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയെ ആശ്രയിച്ചു കഴിയുന്നവർക്കും പൊതുജനങ്ങൾക്കും മത്സ്യബന്ധന മേഖലയിലെ കാലാവസ്ഥ വ്യതിയാനത്തെപ്പറ്റി മനസ്സിലാക്കുന്നതിന് 45 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഷോർട്ട് ഫിലിം തയ്യാറാക്കി നൽകുന്നതിന് താല്പര്യമുള്ള പ്രശസ്തരായ ഡോക്യുമെന്ററി/ ഫിലിം ഡയറക്ടർമാരിൽ നിന്നും പ്രൊപ്പോസൽ ക്ഷണിക്കുന്നു. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് മുൻപ് ഷോർട്ട് ഫിലിം / ഫിലിം നിർമ്മിച്ചിട്ടുള്ള സംസ്ഥാന/ ദേശീയ/അന്തർദേശീയ അവാർഡു ജേതാക്കൾക്കാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള അർഹത. മത്സ്യബന്ധന മേഖലയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും, ഫിഷറീസ് മേഖലയിലെ സമഗ്ര വികസനത്തിനായുള്ള സർക്കാർ ഇടപെടലുകൾ എന്നിവയും ഉൾപ്പെടുത്തിയ വിശദമായ സ്ക്രിപ്റ്റും ബഡ്ജറ്റും (പ്രത്യേകം പ്രത്യേകം സീൽ ചെയ്ത കവറിൽ) എന്ന വിധത്തിലായിരിക്കണം പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി 15.12.2018 താല്ക്കാലിക ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഫിലിം പ്രസന്റേഷന് ക്ഷണിക്കുകയും പ്രവർത്തന പരിചയം, നിലവാരം, ആവശ്യമായ തുക എന്നിവയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവനിൽ പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി പ്രവർത്തിസമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ നം: 0471 2305042

(ഒപ്പ്)

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (പി&എം)
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി

സി.എസ്/